നോട്ടുപുസ്തക നിർമ്മാണത്തിന് ലഭിച്ച കടലാസ്

* 414. [474] ശ്രീ. സി. ടി. മുഹമ്മദ് അലി :

,, പി. കെ. കെ. ബാവ :

,, നാലകത്ത് സൂപ്പി :

,, പി. കെ. കുഞ്ഞാലിക്കുട്ടി :

,, കെ. പി. എ. മജീദ് : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ അദ്ധ്യയന വർഷത്തിൽ പ്രവൃത്തി പരിചയ പരിപാടിയനുസരിച്ച് നോട്ടു പുസ്തകങ്ങൾ നിർമ്മിക്കുന്നതിന് എത്ര ടൺ കടലാസാണ് കേന്ദ്ര സർക്കാരിൽനിന്നും അനുവദിച്ചുകിട്ടിയത് ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) :

1985-86-ലെ ആദ്യത്തെ രണ്ടു ക്വാർട്ടറുകളിലായി 1504 ടൺ കടലാസ് അനുവദിച്ചു കിട്ടിയിട്ടുണ്ട്.

ക്രാഫ്റ്റ് അദ്ധ്യാപകരുടെ ശമ്പള സ്കെയിലുകൾ

* 415. [475] ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഹൈസ്ക്കൂൾ വിഭാഗത്തിലെ ക്രാഫ്റ്റ് അദ്ധ്യാപകരുടെ രണ്ടുതരം ശമ്പള സ്കെയിലുകൾ ഏകീകരിക്കുവാൻ നടപടി സ്വീകരിക്കുമോ ?

വിദ്യാഭ്യാസമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) :

പരിശോധിക്കാവുന്നതാണ്.

കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിലെ ലൈൻമാൻമാർ

* 416. [476] ശ്രീ. കെ. ജെ. ജോർജ്ജ് : താഴക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ ഇപ്പോൾ എത്ര ലൈൻമാൻമാരുണ്ട് ;

(ബി) ബോർഡിൽ എത്ര ലൈൻമാൻമാരുടെ തസ്തിക ഒഴിഞ്ഞുകിടക്കുന്നുണ്ട് ;

(സി) ഈ ഒഴിവുകൾ നികത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) ഇല്ലെങ്കിൽ എന്തുകൊണ്ടാണ് അത് നികത്താത്തത് എന്ന് വിശദീകരിക്കുമോ ;

(ഇ) ഈ ഒഴിവുകളിൽ നിയമിക്കുന്നതിന് പബ്ലിക് സർവ്വീസ് കമ്മീഷൻ ലിസ്റ്റ് 7-12-1984-ൽ പ്രസിദ്ധീകരിച്ചിട്ടുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ അതിൽനിന്നും ജോലിക്ക് ആളെ നിയമനം നടത്താത്തത് എന്തുകൊണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) 917.

(ബി) 341. ഓവർസീയർ തസ്തികകളിൽ അധികപ്പറ്റായി നിൽക്കുന്ന 700 പേരെ ലൈൻമാൻമാരുടെ ജോലിക്കായി നിയോഗിച്ചിരിക്കുകയാണ്.

(സി) ഇല്ല.

(ഡി) ഓവർസീയർ തസ്തികകളിലെ അധികപ്പറ്റായിട്ടുള്ളവരെ കൊണ്ട് ലൈൻമാൻമാരുടെ ജോലികൂടി ചെയ്യിച്ചുവരുന്നതിനാൽ ഒഴിവുകൂടി തൽക്കാലം നികത്തേണ്ടതായിട്ടില്ല.

(ഇ) ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

(എഫ്) ചോദ്യം (ബി) യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഉദിക്കുന്നില്ല.

റോഡുകളുടെ അറ്റകുറ്റപ്പണികൾ

* 417. [477] ശ്രീ. കാനം രാജേന്ദ്രൻ :

,, ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :

,, ശ്രീ. കെ. വി. സുരേന്ദ്രനാഥ് : താഴെക്കാണുന്ന ചോദ്യത്തിന് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ഉരുൾ പൊട്ടലിനേയും മണ്ണിടിഞ്ഞതിനേയും ഫലമായി ഗതാഗതയോഗ്യമല്ലാതായി തീർന്നിട്ടുള്ള റോഡുകളുടെ അറ്റകുറ്റപ്പണികൾ ഈ സാമ്പത്തിക വർഷത്തിൽ തന്നെ പൂർത്തിയാക്കുന്നതിന് വല്ല നിർദ്ദേശവും ഗവൺമെന്റിന്റെ സജീവ പരിഗണനയിലുണ്ടോ ?

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടിനഹ) :

സാമ്പത്തിക പരിമിതികൾ ഉണ്ടെങ്കിലും കേടുപാടുകൾ വന്ന റോഡുകളുടെ അറ്റകുറ്റപ്പണികൾ എത്രയും വേഗം പൂർത്തിയാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

കേരളത്തിലെ തുറമുഖങ്ങൾ

* 418. [478] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ എത്ര തുറമുഖങ്ങളുണ്ട് ;
(ബി) അവ ഏതെല്ലാം ;
(സി) അതിൽ എത്രയെണ്ണത്തിന്റെ പ്രവർത്തനം നിറുത്തിവച്ചിട്ടുണ്ട് ;
(ഡി) നിർത്തിവച്ചതിന്റെ കാരണം വ്യക്തമാക്കുമോ ;
(ഇ) തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും കേരളത്തിന്റെ പൊതുവായ വികസനത്തിനുംവേണ്ടി കൂടുതൽ തുറമുഖങ്ങൾ വികസിപ്പിച്ച് പ്രവർത്തനക്ഷമമാക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ ?

എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എൻ. ശ്രീനിവാസൻ) :

(എ) കേരളത്തിൽ 10 മൈനർ തുറമുഖങ്ങളും മൂന്ന് ഇന്റർമീഡിയറ്റ് തുറമുഖങ്ങളും ഒരു മേജർ തുറമുഖവുമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly